**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.717 | 11.06.2014-ൽ മറുപടിയ്ക്ക്

**<u>വൃക്കരോഗം കണ്ടെത്തുന്നതിന് മെഡിക്കൽ ക്യാമ്പുകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.എ.മാധവൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | സർക്കാരിനും വ്യക്തികൾക്കും വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ഈ രോഗം പ്രഥമഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | വൃക്കരോഗം പലപ്പോഴും പ്രമേഹരോഗം പോലെയുള്ള ജീവിതശൈലീരോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിലാണ് ഉണ്ടാകുന്നത്. വൃക്കരോഗം തടയാൻ ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം എന്നിവ നേരത്തെ തന്നെ നിർണ്ണയിക്കുകയും ഫലപ്രദമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. മറ്റ് പല രോഗങ്ങൾ കാരണവും വൃക്കരോഗം വരാം എന്നതിനാൽ വൃക്കരോഗം പ്രഥമഘട്ടത്തിൽ തന്നെ കണ്ടെത്തുക എന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. എന്നാൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ വളരെ ലളിതമായ മൂത്ര പരിശോധനയിലൂടെ ആദ്യഘട്ടത്തിൽത്തന്നെ രോഗം കണ്ടെത്താവുന്നതാണ്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിലൂടെ മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള ജനവിഭാഗത്തെ ജീവിതശൈലീരോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുകയും രോഗസാധ്യത ഉള്ളവർക്ക് ചികിത്സയും ആരോഗ്യ ബോധവൽക്കരണവും നടത്തിവരുന്നു. ജില്ലാ താലൂക്ക് ആശുപത്രികളിൽ വൃക്കരോഗം കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുമായും ബന്ധപ്പെട്ട് വൃക്കരോഗങ്ങൾക്കുള്ള സമഗ്രമായ ചികിത്സയ്ക്കായി നെഫ്രോളജി, യൂറോളജി ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എല്ലാ പഞ്ചായത്തുകളിലും വൃക്കരോഗം പ്രാഥമികഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിന് വാർഡുകൾ തോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | വൃക്കരോഗങ്ങൾ കണ്ടെത്തുന്നതിന് മാത്രമായി വാർഡുകൾ തോറും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക പ്രായോഗികമല്ല. സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യത്തിലൂടെ മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള ജനവിഭാഗത്തെ ജീവിതശൈലീരോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുകയും രോഗസാധ്യത ഉള്ളവർക്ക് ചികിത്സയും ആരോഗ്യ ബോധവൽക്കരണവും നടത്തിവരുന്നു. ജില്ലാ താലൂക്ക് ആശുപത്രികളിൽ വൃക്കരോഗം കണ്ടെത്തുന്നതിനുള്ള ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. കുടുംബക്ഷേമ ഉപകേന്ദ്രതലം വരെ • പ്രസ്തുത പരിശോധന നടത്തി വരുന്നുണ്ട്. |
| (ഡി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഇത് പ്രത്യേക ക്യാമ്പയിൻ ആയി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് സാങ്കേതികമായി തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ